**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി സ്കൂൾ കലോത്സവം 2018-19 നടത്തുന്നതിന് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

G.O (MS)No. 154/2018/പൊ.വി.വ          തീയതി, തിരുവനന്തപുരം, 20/10/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:-

1) 04/09/2018 സ.ഉ.(കൈ)നം. 195/2018/പൊ.വി.വ.
2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/09/2018 ലെ Y2/34000/ 2018/ഡി.പി.ഐ നമ്പർ കത്ത്.
3) 06/10/2018 ലെ സ.ഉ.(കൈ)നം. 144/2018/പൊ.വി.വ.

## ഉത്തരവ്

2018-19 സംസ്ഥാന സ്കൂൾ കലോത്സവം ഡിസംബർ 7, 8, 9 തീയതികളിൽ ആലപ്പുഴ ജില്ലയിൽ നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) ഉത്തരവ് പ്രകാരം കലോത്സവം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നെങ്കിലും അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായി 9, 10, പ്ലസ്സ് 1, പ്ലസ്സ് 2 വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് സംസ്ഥാന സ്കൂൾ കലോത്സവം നടത്തേണ്ടത് അനിവാര്യമാകയാൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി കലോത്സവ മാന്വലിലെ III, IV കാറ്റഗറിയിൽ ഉൾപ്പെടുന്ന 8, 9, 10, പ്ലസ്സ് 1, പ്ലസ്സ് 2 വിദ്യാർത്ഥികളെ മാത്രം പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾക്ക് വിധേയമായി പരാമർശം (3) ഉത്തരവ് പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രകാരം പരമാവധി ചെലവ് കുറച്ച് സംസ്ഥാന സ്കൂൾ കലോത്സവം നടത്തുന്നതിന് സർക്കാർ അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- കലോത്സവങ്ങൾ പരമാവധി ചെലവ് ചുരുക്കിയും, കലോത്സവത്തിൽ ഗ്രേഡിന് അർഹരാകുന്ന 9, 10, പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പൊതുപരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയും നടത്തുക.
- 'എ ഗ്രേഡ്'' ലഭിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന 1000 രൂപയുടെ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് ഈ വർഷം നൽകേണ്ടതില്ല .
- സംസ്ഥാന കലോത്സവം മൂന്ന് ദിവസവും, ജില്ലാകലോത്സവം രണ്ട് ദിവസവും, സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി പരിമിതപ്പെടുത്തുക.
- 7- ാം തരം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മത്സരങ്ങൾ ഈ വർഷം സ്കൂൾതലത്തിൽ മാത്രം നടത്തിയാൽ മതിയെന്നും ആയത് ഈ വർഷത്തെ ശാസ്ത്രോത്സവത്തിനും ബാധകമായിരിക്കും .
- സബ് കമ്മിറ്റികളുടെ എണ്ണം പരമാവധി കുറയ്ക്കുക.
- ഉദ്ഘാടന - സമാപന സമ്മേളനങ്ങൾ, സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കുവാൻ തീരുമാനിച്ചു.
- സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കുക.

- കഥാരചന, കവിതാരചന, ചിത്രരചന തുടങ്ങിയുള്ള 47 ഇനം ഓഫ് സ്റ്റേജ് മത്സരങ്ങൾ ജില്ലാതലത്തിൽ ഏകീകൃത വിഷയത്തിന്മേൽ ഒരേ ദിവസം ഒരേ സമയത്ത് റവന്യൂജില്ലകളിൽ നടത്തി 'എ' ' ഗ്രേഡോടു കൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയ സ്ക്രിപ്റ്റ് / രചനകൾ സംസ്ഥാനതലത്തിൽ എത്തിച്ച് സംസ്ഥാന തല വിധിനിർണ്ണയം നടത്തുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പി.എസ്. കൃഷ്ണകുമാർ**
അഡീഷണൽ സെക്രട്ടറി

<u>പകർപ്പ്:-</u>

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ.മാർക്കും (ഡി.പി.ഐ.മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ